# ഫയർ ഫോഴ്സ് മോക്ക് ഡ്രിൽ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ

അഗ്നിശമന സേനയുടെ തളിപ്പറമ്പ് സ്റ്റേഷൻ ഓഫീസർ ശ്രീ. കെ ബാലകൃഷ്ണന്റെ നേതൃത്വത്തിൽ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ , കേരളോദയ വായനശാല , സമന്വയ ചാരിറ്റബിൾ ട്രസ്റ്റ് തുടങ്ങിയവരുടെ സംയുക്താഭിമുഖ്യത്തിൽ നെല്ലികുറ്റി ഗാന്ധിമെമ്മോറിയൽ യു പി സ്കൂളിൽ വച്ച് ഫയർ ആൻഡ് ഇവാക്കുവെഷൻ മോക്ക് ഡ്രിൽ സംഘടിപ്പിച്ചു . സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെയും ഗാന്ധിമെമ്മോറിയൽ സ്കൂളിലെയും 52 കുട്ടികളും ഇരു സ്കൂളിലെയും അധ്യാപകരും പങ്കെടുത്തു ..സ്ഥലം വാർഡ് മെമ്പർ സോജൻ കാരാമയിൽ വിവിധ സംഘടനാ പ്രതിനിധികൾ ,പി ടി എ ഭാരവാഹികൾ , പോലീസ് ഉദ്യോഗസ്ഥർ , നാട്ടുകാർ തുടങ്ങി നിരവധി ആളുകൾ സന്നിഹിതരായിരുന്നു ... മൂന്നാമത്തെ നിലയിൽ തീപിടുത്തമുണ്ടായി എന്ന അലാറം മുഴങ്ങിയപ്പോൾ ഇവാക്കുവെഷൻ ടീമംഗങ്ങൾ ഓരോരുത്തരെയായി താഴെയെത്തിച്ചു ... കുടുങ്ങിക്കിടന്നവരെ റെസ്ക്യൂ ടീമംഗങ്ങൾ സ്ട്രെച്ചറിലും ചുമന്നും താഴെ എത്തിച്ചു . ചെമ്പേരി വൈസ്മെൻ ആംബുലൻസ് കുതിച്ചെത്തി അപകടത്തിൽ പെട്ടവരെ ആശുപത്രിയിലേക്ക് മാറ്റി ... തീയണക്കാനായി ഫയർ എൻജിൻ ഇരമ്പിയെത്തി ..തുടർന്ന് ഫയർ ഫോഴ്സ് ഏണിവഴിയും കയറുവഴിയും കുടുങ്ങിക്കിടന്നവരെ താഴെയെത്തിച്ചത് കാണികൾക്കു കൗതുകമായി പ്രാദേശിക ചാനലായ AJ net മുഴുവൻ സമയവും പരിപാടികൾ പകർത്തി രക്ഷാപ്രവർത്തനത്തിന് മികച്ച പിന്തുണ നൽകി. . കുമാരി അനുസ്മയ വിജയൻ, ജോസ്റ്റിൻ ടോം എന്നിവർ വാർത്താലേഖകരായി വാർത്തകൾ തത്സമയം റിപ്പോർട്ട് ചെയ്തു. റെസ്ക്യൂ ഓപ്പറേഷന് ശേഷം പാചകവാതക തീപിടുത്തം ,കെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തം തുടങ്ങിയവ എങ്ങനെ അണക്കാം എന്നത് അഗ്നിശമന സേന കൂടിയിരുന്നവർക്കായി കാണിച്ചുകൊടുത്തു .തളിപ്പറമ്പ് അഗ്നിശമന സേന അസി. സ്റ്റേഷൻ മാസ്റ്റർ ശ്രീ പ്രേമരാജൻ കക്കാട് സീനിയർ സിവിൽ ഫയർമാന്മാരായ ശ്രീ. ഷെറിൽ ബാബു ശ്രീ നസീർ, സിവിൽ ഡിഫൻസ് ഓഫീസർ ശ്രീ ജിൻസ് തോമസ് ഇളംതുരുത്തിയിൽ , ശ്രീ ജൂബി സി ജസ്റ്റിൻ ശ്രീ ടോമി മാത്യു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഇതുമായി ബന്ധപ്പെട്ടു നടന്ന ബോധവൽക്കരണ ക്ലാസ്സ് സ്ഥലം വാർഡ് മെമ്പർ ശ്രീ സോജൻ കാരാമയിൽ ഉദ്ഘാടനം ചെയ്തു. ശ്രീമതി മേഴ്സി തോമസ് ശ്രീമതി ഷൈനി തോമസ് തുടങ്ങിയവർ സംസാരിച്ചു. അഗ്നിശമന സേനയുടെ നേതൃത്വത്തിൽ നടന്ന ഈ മോക്ക് ഡ്രിൽ നെല്ലികുറ്റിയിലെ കുട്ടികൾക്കും അധ്യാപകർക്കും നാട്ടുകാർക്കും പുതിയൊരു അറിവും അനുഭവവുമായിരുന്നു.

Anusha K S std X A